**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1722** **12-09-2023 - ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൃഷിവകുപ്പ് നടപ്പിലാക്കി വരുന്ന കേരഗ്രാമം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | കേരഗ്രാമം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക<br>2. സമഗ്ര കീട രോഗ നിയന്ത്രണം<br>3. മണ്ണിലെ മൂലകങ്ങളുടെ സമഗ്ര പരിപാലനം<br>4. ഇടവിള കൃഷി പ്രോത്സാഹനം<br>5. ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ<br>6. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കൽ<br>7. സുഗമമായ വിളവെടുപ്പിനു തെങ്ങുകയറ്റ യന്ത്രങ്ങളുടെ പ്രോത്സാഹനം<br>8. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക<br>9. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് എത്ര പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്; വിശദാംശം അറിയിക്കാമോ? | (ബി) | നാളിതുവരെ 433 പഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുണ്ട്. 2023-24 വർഷം 50 പഞ്ചായത്തുകളിൽ കൂടി കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ